**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6333** **10-11-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ നഗരത്തിൽ കനാലുകളോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ഹട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നഗരത്തിൽ കനാലുകളോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ഹട്ടുകൾ നിർമ്മാണം പൂർത്തിയാകുന്ന സമയത്തുതന്നെ ലേലംനടത്തി ആവശ്യക്കാർക്ക് നൽകാതിരുന്നതിനാൽ നിലവിൽ നാശോന്മുഖമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആലപ്പുഴ നഗരത്തിലെ കനാൽ തീരത്തെ മുഴുവൻ കെട്ടിടങ്ങളും 23/06/2021 ലെ സ.ഉ.(സാധാ)നം.176/2021 /ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുസിരിസ് പ്രൊജക്ട്സ് ലിമിറ്റഡിന് 12/07/2021-ൽ കൈ മാറി നൽകിയിട്ടുണ്ട്. ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി നിലവിൽ കേടുപാടുകൾ ഉള്ള കടമുറികൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ മുസിരിസ് പ്രോജക്ട് ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആയതിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തി ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കോ സഹകരണ സ്ഥാപനങ്ങൾക്കോ കരാർ പ്രകാരം നൽകുന്നതിന് നിർദ്ദേശം നൽകാമോ; | (ബി) | നിലവിലെ ചട്ടങ്ങളനുസരിച്ച് ഒഴിവു വരുന്ന കടമുറികൾ ടെണ്ടർ നടപടിക്രമം പാലിച്ചാണ് വാടകയ്ക്ക് നൽകുന്നത്. മാത്രമല്ല നിലവിൽ കനാൽ തീരത്തെ ഒഴിവുള്ള കടമുറി ടെണ്ടർ ചെയ്തുനൽകണമെന്ന ബഹു.ഹൈക്കോടതിയുടെ WP(C).No. 31270/2015 നമ്പർ കേസിലെ ഉത്തരവ് നിലനിൽക്കുന്നു. |
| (സി) | നാഷണൽ ഹൈവേയോട് ചേർന്നുള്ള വഴിയോരം വിശ്രമ കേന്ദ്രത്തിന്റെ കരാറിന്റെ നിലവിലെ അവസ്ഥ എന്താണ്; നിലവിൽ അടച്ചിട്ടിരിക്കുന്ന പ്രസ്തുത കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ആലപ്പുഴ ജില്ലയിൽ ചേർത്തലയിലും ഹരിപ്പാട്ടുമാണ് “ടേക്ക് എ ബ്രേക്ക് പദ്ധതി” പ്രകാരമുള്ള 2 വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ഇതിൽ ചേർത്തലയിലെ വഴിയോര വിശ്രമ കേന്ദ്രം നിലവിൽ പ്രവർത്തിച്ചു വരുന്നു. ഹരിപ്പാട് ടേക്ക് എ ബ്രേക്ക് കെട്ടിടം വാടകയ്ക്കെടുത്തിരുന്നയാൾ വാടക കുടിശ്ശിക വരുത്തതിയതിനെ തുടർന്ന് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയിരുന്നു. ഇതിനെതിരെ വാടകക്കാരൻ നൽകിയ OS-279/2019 നമ്പർ കേസ് ഹരിപ്പാട് മുൻസിഫ് കോടതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ